# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4742 14.11.2019 –ൽ മറുപടിക്ക്**

**മണ്ണാറക്കുളഞ്ഞി - ചാലക്കയം ശബരിമല പാത പുനരുദ്ധരിക്കൽ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.രാജു എബ്രഹാം :** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) മണ്ണാറക്കുളഞ്ഞി - ചാലക്കയം ശബരിമല പാത അന്താരാഷ്ട്ര നിലവാരത്തിൽ പുനരുദ്ധരിച്ചത് എന്നാണെന്നും എന്നുവരെയാണ് ഇതിന്റെ ഗ്യാരണ്ടി പീരീഡ് എന്നും അറിയിക്കുമോ; | (എ) മണ്ണാറക്കുളഞ്ഞി - ചാലക്കയം - ശബരിമലപ്പാതയിൽ മണ്ണാറകുളഞ്ഞി മുതൽ പ്ലാപ്പള്ളി വരെ കി.മീ. 0/00 മുതൽ 32/00 വരെ അഞ്ചുവർഷ മെയിന്റനൻസ് ഗ്യാരന്റിയോട്ടുകൂടി ബി.എം. & ബി.സി. പ്രവൃത്തികൾ 26/03/2015 ൽ പൂർത്തീകരിച്ചിട്ടുള്ളതും 25/03/2020 വരെ മെയിന്റനൻസ് കോൺട്രാക്ട് ഉള്ളതുമാണ്. പ്ലാപ്പള്ളി മുതൽ ചാലക്കയം വരെ കി.മീ. 32/000 മുതൽ 53/480 വരെ ശബരിമല ഹെവി മെയിന്റനൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി അഞ്ചുവർഷ മെയിന്റനൻസ് ഗ്യാരന്റിയോട്ടുകൂടി ബി.എം. & ബി.സി. പ്രവൃത്തികൾ 08/01/2014-ൽ പൂർത്തീകരിച്ചിട്ടുള്ളതും 04/01/2019 വരെ മെയിന്റനൻസ് കോൺട്രാക്ട് പൂർത്തിയായിട്ടുള്ളതുമാണ്. |
| (ബി) പ്രസ്തുത റോഡ് ഇപ്പോൾ പൂർണ്ണമായും തകർന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;<br><br>(സി) പ്രസ്തുത റോഡ് പുനരുദ്ധരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) & (സി) മണ്ണാറകുളഞ്ഞി മുതൽ പ്ലാപ്പള്ളി വരെ കി.മീ. 0/000 മുതൽ 31/000 വരെയുള്ള പ്രവൃത്തികളുടെ മെയിന്റനൻസ് പീരിയേഡ് ആയതിനാൽ ബന്ധപ്പെട്ട കരാറുകാരൻ തന്നെ മെയിന്റനൻസ് പ്രവൃത്തികൾ നടത്തി വരുന്നുണ്ട്. പ്ലാപ്പള്ളി മുതൽ ചാലക്കയം വരെ കി.മീ. 32/000 മുതൽ 53/480 വരെയുള്ള പ്രവൃത്തികളുടെ മെയിന്റനൻസ് |

പീരിയേഡ് പൂർത്തിയായതിനാൽ ശബരിമല ഫെസ്റ്റിവൽ 2019-20 പ്രവൃത്തിയിൽ ഉൾപ്പെടുത്തി ബി.സി. ഓവർലേ ചെയ്യുന്നതിനായി 1309 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതുപ്രകാരം ടെണ്ടർ നടപടികൾ പൂർത്തിയാക്കി ഓവർലേ പ്രവൃത്തികൾ പുരോഗമിക്കുന്നു.

**സെക്ഷൻ ഓഫീസർ**